# ഗ്രാമ ന്യായാലയ, അമ്പലപ്പുഴ
## ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി
## 2026 – മാണ്ട് മെയ് മാസം 30 –ാം തീയതി

# ST. No. 463 / 2018

| | | |
|---|---|---|
| പരാതിക്കാരൻ | : | കേരള സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പോലീസ് സബ്ബ് ഇൻസ്പെക്ടർ, അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 1221/2018 (പ്രതിനിധീകരിക്കുന്നത് ശ്രീമതി ഫരീദ ടി.കെ, A.P.P. സീനിയർ ഗ്രേഡ് ) |
| കുറ്റാരോപിതൻ | : | മണിയപ്പൻ, 81 വയസ്സ് , S/o. കൃഷ്ണൻ , അൻപതിൽചിറ വീട് , ഇല്ലിച്ചിറ പി.ഒ, പുറക്കാട് പഞ്ചായത്ത് , വാർഡ് – 7 ആലപ്പുഴ (പ്രതിനിധീകരിക്കുന്നത് അഡ്വ. ജെ. ഷേർലി) |
| കുറ്റം | : | ഇന്ത്യൻ ശിക്ഷാ നിയമം 294(b), 506(1) വകുപ്പുകൾ |
| പ്രതി വാദം | : | കുറ്റം ചെയ്തിട്ടില്ല |
| കണ്ടെത്തൽ | : | കുറ്റം ചെയ്തിട്ടില്ല |
| വിധി | : | ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം പ്രതിയെ കുറ്റവിമുക്തനാക്കിയിരിക്കുന്നു |

## പ്രതിയുടെ വിവരണം

| നം. | പേര് | അച്ഛന്റെ പേര് | തൊഴിൽ | വിലാസം | വയസ് |
|---|---|---|---|---|---|
| 1. | മണിയപ്പൻ | കൃഷ്ണൻ | .... | അൻപതിൽചിറ വീട് , ഇല്ലിച്ചിറ പി.ഒ, പുറക്കാട് പഞ്ചായത്ത് , വാർഡ് – 7 ആലപ്പുഴ | 81 |

## തീയതികൾ

| സംഭവം നടന്നത് | പരാതി കൊടുത്തത് | ഫൈനൽ റിപ്പോർട്ട് ഫയൽ ചെയ്തത് | പ്രതി ഹാജരായത് / അറസ്റ്റ് ചെയ്തത് | ജാമ്യം നൽകിയത് | വിചാരണ തുടങ്ങിയത് | വിചാരണ അവസാ-നിച്ചത് | വിധി |
|---|---|---|---|---|---|---|---|
| 11.08.2018 | 13.08.2018 | 31.10.2018 | 26.03.2019 | 26.03.2019 | 02.06.2025 | 29.05.2026 | 30.05.2026 |

ഈ കേസ് 29.05.2026 തീയതി കോടതി മുമ്പാകെ വാദങ്ങൾക്കായി വന്നതിൽ 30.05.2026 തീയതി ഈ കോടതി പ്രസ്താവിക്കുന്ന

## വിധി ന്യായം

1. ഈ കേസ് അമ്പലപ്പുഴ പോലീസ് ഇന്ത്യൻ ശിക്ഷ നിയമം 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചേർത്ത് ക്രൈംനമ്പർ 1221/2018 ആയി അന്വേഷണം നടത്തി സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉത്ഭവിച്ചതാണ്.

2. പ്രോസിക്യൂഷൻ ആരോപണങ്ങൾ ചുരുക്കത്തിൽ താഴെ പറയും വിധമാണ്:

    പ്രതിക്ക് ഒന്നാം സാക്ഷിയെയും മറ്റും അസഭ്യം വിളിക്കണമെന്നും ഭീഷണിപ്പെടുത്തണമെന്നുമുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 11.08.2018 തീയതി പകൽ 12.30 മണിക്ക് പുറക്കാട് പഞ്ചായത്ത് 7-)ം വാർഡിൽ ശ്രീകുമാർ ഭവനത്തിൽ ശ്രീകുമാറിന്റെ വക കെട്ടിടത്തിന്റെ വടക്ക് ഭാഗത്തായി പ്രവർത്തിച്ചുവരുന്ന തോട്ടപ്പള്ളി ക്ഷീരോല്പാപാദക സഹകരണ സംഘം A18 എന്ന കെട്ടിടത്തിന്റെ മുൻവശം പാൽ അളക്കുന്ന കോൺക്രീറ്റ് തട്ടിന്റെ മുൻവശം വെച്ച് കാലവർഷക്കെടുതിയോട് അനുബന്ധിച്ച് ക്ഷീരകർഷകർക്ക് സൗജന്യമായി കാലിത്തീറ്റ വിതരണം നടത്തിവന്നിരുന്ന രണ്ടാം സാക്ഷിയോട് പ്രതി "എന്റെ പേര് എന്തുകൊണ്ട് ലിസ്റ്റിൽ ഇല്ല, എനിക്ക് എന്തുകൊണ്ട് കാലിത്തീറ്റ നൽകുന്നില്ല" എന്നും "നിന്റെ ഒരു ഔദാര്യവും എനിക്ക് വേണ്ട, നിന്റെ വീട്ടിൽനിന്നും അമ്മയുടെ വീട്ടിൽനിന്നും കൊണ്ടുവന്നതാണോടാ പൂറി മോനെ" എന്ന് അസഭ്യം വിളിച്ചും ഒന്നാം സാക്ഷിയോടൊപ്പം ഡ്യൂട്ടി ചെയ്തു വന്നിരുന്ന രണ്ടാം സാക്ഷിയോട് "നിന്റെ വീട്ടിൽ നിന്നും കൊണ്ടുവന്നതാണോടി" എന്നും മറ്റും ചോദിച്ച് ഭീഷണിപ്പെടുത്തി പ്രതി മേൽ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തു എന്നതാണ് കുറ്റ ചുരുക്കം.

3. ക്രിമിനൽ നടപടി ചട്ടം 173 വകുപ്പ് പ്രകാരമുള്ള ഈ വ്യവഹാരത്തിലെ കുറ്റപത്രം പരിശോധിച്ച് പരിഗണനക്ക് എടുക്കാൻ തക്കമുള്ള കാരണങ്ങൾ ടി കുറ്റപത്രത്തിൽ ഉണ്ടെന്ന് കണ്ട മേൽ അക്കമിട്ട് പ്രതിക്ക് കോടതിയിൽ ഹാജരാകാനുള്ള കല്പന അയച്ചു.

4. പ്രതി ജാമ്യക്കാർ സഹിതം കോടതിയിൽ ഹാജരായി. ജാമ്യത്തിന് അർഹനായതിനാൽ പ്രതിയെ ജാമ്യത്തിൽ വിട്ടു.

5. കുറ്റപത്രത്തിന്റെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ പ്രതിക്ക് നൽകി. പ്രതിഭാഗം അഭിഭാഷകൻ അവ പൂർണവും സ്പഷ്ടവും ആണ് എന്ന് സമ്മതിച്ച് സമർപ്പിച്ചതിനാൽ ക്രിമിനൽ നടപടി ചട്ടം 207 വകുപ്പ് പ്രകാരമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി.

6. പ്രതിയെ ഇന്ത്യൻ ശിക്ഷാ നിയമം 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റ ചുരുക്കം വായിച്ചു കേൾപ്പിച്ചു. പ്രതി കുറ്റം നിഷേധിച്ചു. വിചാരണ വേണം എന്ന് ആവശ്യപ്പെട്ടു.

7. വിചാരണ ഭാഗം തെളിവിലേക്കായി PW1 മുതൽ PW6 വരെ സാക്ഷികളെ വിസ്തരിക്കുകയും ജാപ്ത P1 മുതൽ P5 വരെ രേഖകൾ അക്കമിടുകയും ചെയ്തു. ആയത് തെളിവിൽ സ്വീകരിച്ചു. ഇതോടെ വിചാരണ ഭാഗം തെളിവ് അവസാനിപ്പിച്ചു.

8. പ്രതിയെ ക്രിമിനൽ നടപടി ചട്ടം 313(1)(b) വകുപ്പ് പ്രകാരം ചോദ്യം ചെയ്തു. പ്രതി തെളിവുകൾ നിഷേധിക്കുകയും താൻ നിരപരാധിയാണെന്ന് ആവർത്തിക്കുകയും ചെയ്തു.

9. പ്രതിഭാഗത്ത് നിന്ന് Ext.D1 രേഖ അടയാളപ്പെടുത്തി.

10. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

11. താഴെ പറയുന്ന ചോദ്യങ്ങൾ കോടതിയുടെ പരിഗണയ്ക്കായി വന്നു.

I). പ്രതിക്ക് ഒന്നാം സാക്ഷിയെയും മറ്റും അസഭ്യം വിളിക്കണമെന്നും ഭീഷണിപ്പെടുത്തണമെന്നുമുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 11.08.2018 തീയതി പകൽ 12.30 മണിക്ക് പുറക്കാട് പഞ്ചായത്ത് 7–)ം വാർഡിൽ ശ്രീകുമാർ ഭവനത്തിൽ ശ്രീകുമാറിന്റെ വക കെട്ടിടത്തിന്റെ വടക്ക് ഭാഗത്തായി പ്രവർത്തിച്ചുവരുന്ന തോട്ടപ്പള്ളി ക്ഷീരോല്പാപാദക സഹകരണ സംഘം A18 എന്ന കെട്ടിടത്തിന്റെ മുൻവശം പാൽ അളക്കുന്ന കോൺക്രീറ്റ് തട്ടിന്റെ മുൻവശം വെച്ച്

കാലവർഷക്കെടുതിയോട് അനുബന്ധിച്ച് ക്ഷീരകർഷകർക്ക് സൗജന്യമായി കാലിത്തീറ്റ വിതരണം നടത്തിവന്നിരുന്ന രണ്ടാം സാക്ഷിയോട് പ്രതി "എന്റെ പേര് എന്തുകൊണ്ട് ലിസ്റ്റിൽ ഇല്ല, എനിക്ക് എന്തുകൊണ്ട് കാലിത്തീറ്റ നൽകുന്നില്ല" എന്നും "നിന്റെ ഒരു ഔദാര്യവും എനിക്ക് വേണ്ട, നിന്റെ വീട്ടിൽനിന്നും അമ്മയുടെ വീട്ടിൽനിന്നും കൊണ്ടുവന്നതാണോടാ പൂറി മോനെ" എന്ന് അസഭ്യം വിളിച്ചും ഒന്നാം സാക്ഷിയോടൊപ്പം ഡ്യൂട്ടി ചെയ്തു വന്നിരുന്ന രണ്ടാം സാക്ഷിയോട് "നിന്റെ വീട്ടിൽ നിന്നും കൊണ്ടുവന്നതാണോടി" എന്നും മറ്റും ചോദിച്ച് ഭീഷണിപ്പെടുത്തി പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ ?

II). കേസിലെ തീരുമാനം എന്താണ് ?

**<u>പരിഗണന വിഷയം</u> I :-**

12. ഈ കേസിലെ പ്രതിക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റമാണ് ആരോപിച്ചിരിക്കുന്നത്. വിചാരണ ഭാഗം ആവലാതിക്കാരനെ PW1 ആയും, കൂടാതെ സംഭവ സാക്ഷികളെ PW2, PW3, PW4 എന്നിവരായും കോടതി മുമ്പാകെ വിസ്തരിച്ചിട്ടുള്ളതാണ്. കൃത്യസ്ഥല മഹസർ സാക്ഷിയായി വിചാരണ ഭാഗം ചേർത്തയാളെ PW5 ആയും, ഈ കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനെ PW6 ആയും കോടതി മുമ്പാകെ വിസ്തരിച്ചു.

13. PW1 നെ വിസ്തരിച്ചപ്പോൾ താൻ പുറക്കാട് വെറ്ററിനറി ഡിസ്പെൻസറിയിൽ വെറ്ററിനറി സർജനായി ജോലി നോക്കുകയായിരുന്നു എന്നും കേസിന് ആസ്പദമായ സംഭവം 2018 ആഗസ്റ്റ് മാസം ഉച്ചയ്ക്ക് 12.30 മണിക്ക് പുറക്കാട് കൊട്ടാരവളപ്പ് ക്ഷീര സംഘത്തിന്റെ ഓഫീസിൽ വെച്ചായിരുന്നു നടന്നതെന്നും മൊഴി നൽകി. അന്നേദിവസം താൻ പ്രളയം ബാധിച്ച കർഷകർക്ക് ഫ്രീയായി സർക്കാർ കാലിത്തീറ്റ നൽകുന്നതിന്റെ ഭാഗമായി താൻ കർഷകരുടെ ലിസ്റ്റ് തയ്യാറാക്കി സംഘത്തിന്റെ ഓഫീസിൽ വെച്ച് കാലിത്തീറ്റ വിതരണം നടത്തുന്ന സമയമാണ് പ്രതി മണിയപ്പൻ സംഭവ സ്ഥലത്ത് എത്തി പ്രതിക്ക് കാലിത്തീറ്റ കിട്ടിയില്ല എന്ന് പറഞ്ഞ് തന്നെ അസഭ്യം പറഞ്ഞു എന്നും പെട്ടെന്ന് തയ്യാറാക്കിയ ലിസ്റ്റ് ആയതിനാൽ പ്രതിയുടെ പേര് വിട്ടുപോയി എന്ന് പറഞ്ഞപ്പോൾ "നിന്റെ അച്ഛന്റെയും അമ്മയുടെയും വീട്ടിൽനിന്ന് കൊണ്ടുവന്നതല്ലടാ പുലയാടി മോനെ" എന്ന് തന്നെ വിളിച്ചു എന്നും സംഭവ സ്ഥലത്ത് ധാരാളം ആളുകൾ ഉണ്ടായിരുന്നു എന്നും തുടർന്ന് തനിക്ക് പെട്ടെന്ന് BP

കൂടി സ്ഥലത്ത് ഇരുന്ന് വെള്ളം കുടിച്ചു എന്നും സംഭവ സമയം തന്റെ കൂടെ രണ്ടാം സാക്ഷി രാഖിമോൾ ഉണ്ടായിരുന്നു എന്നും തുടർന്ന് താൻ അന്ന് തന്നെ അമ്പലപ്പുഴ പോലീസിൽ Ext.P1 പ്രഥമ വിവര മൊഴി കൊടുത്തു എന്നും PW1 മുഖ്യ വിസ്താരത്തിൽ പറഞ്ഞു. തുടർന്ന് നടന്ന എതിർ വിസ്താരത്തിൽ താനാണ് ക്ഷീര കർഷകരുടെ ലിസ്റ്റ് തയ്യാറാക്കിയതെന്നും തുടർന്ന് ടി ലിസ്റ്റ് മൃഗസംരക്ഷണ വകുപ്പ് അംഗീകരിക്കുകയായിരുന്നു എന്നും PW1 മൊഴി നൽകി. പ്രതി വളം ഫ്രീയായി ലഭിക്കേണ്ടുന്ന ക്ഷീര കർഷകരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുള്ള ആളാണെന്ന് തനിക്ക് അറിയാമെന്നും തന്റെ പിശക് കൊണ്ടാണ് പ്രതിയെ ടി ലിസ്റ്റിൽ ഉൾപ്പെടുത്താതെ പോയതെന്നും PW1 എതിർവിസ്താരത്തിൽ മൊഴി നൽകി. കൂടാതെ താൻ പ്രതിയോട് ടിയാളെ ലിസ്റ്റിൽ ചേർക്കാമെന്ന് പറഞ്ഞപ്പോൾ പ്രതി തന്നോട് കൊല്ലുമെന്ന് പറഞ്ഞതായി ഓർക്കുന്നില്ല എന്നും PW1 പറഞ്ഞു.

14. PW2 നെ കോടതി മുമ്പാകെ വിസ്തരിച്ചതിൽ നിന്നും താൻ സംഭവം നടന്നപ്പോൾ Live Stock Inspector ആയി പുറക്കാട് വെറ്ററിനറി ഡിസ്പെൻസറിയിൽ ജോലി നോക്കുകയായിരുന്നു എന്നും 11.08.2018 തീയതി ഉച്ചയ്ക്ക് 12.30 മണിക്കാണ് സംഭവം നടന്നതെന്നും പ്രളയ സമയത്ത് ക്ഷീര കർഷകർക്ക് വന്ന കാലിത്തീറ്റ വിതരണം ചെയ്യുകയായിരുന്നു എന്നും അപ്പോൾ ഒരാൾ വന്ന് PW1 നെ ചീത്ത വിളിക്കുകയും കൂടാതെ അധിക്ഷേപിച്ച് സംസാരിച്ചു എന്നും പ്രതിയുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്താത്തതിനാലാണ് പ്രതി PW1 നെ ചീത്ത വിളിച്ചതെന്നും അപ്പോൾ ചേട്ടാ വെയിറ്റ് ചെയ്യൂ എന്ന് PW1 പ്രതിയോട് പറഞ്ഞപ്പോൾ പ്രതി "നിന്റെ അമ്മയുടെ വീട്ടിൽ നിന്നും കൊണ്ടുവന്നതല്ലല്ലോ പൂറി മോനെ എന്നും നിന്നെ ശരിയാക്കും" എന്നും പറഞ്ഞു താൻ കേട്ടു എന്നും തുടർന്ന് PW1 ന് BP കൂടി തലകറക്കം വരികയും അവിടെ കൂടിനിന്നവർ കസേര ഇട്ടുകൊടുത്ത് PW1 ഇരുന്ന് വെള്ളം കുടിച്ചു എന്നും PW2 മൊഴി നൽകി. സംഭവം നടന്നുകഴിഞ്ഞ് പ്രതിയുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തി ടിയാൾക്കും കാലിത്തീറ്റ കൊടുത്ത ശേഷമാണ് PW1 ഉം താനും ചേർന്ന് പോലീസ് സ്റ്റേഷനിൽ പോയതെന്ന് PW2 മുഖ്യ വിസ്താരത്തിൽ മൊഴി നൽകി. തുടർന്ന് നടന്ന PW2 ന്റെ എതിർ വിസ്താരത്തിൽ പോലീസ് തന്നെ പ്രതിയെ വിളിച്ചു കാണിച്ചില്ല എന്നും PW1 നെ പുലയാടി മോനെ എന്നും പൂറി മോനെ എന്നും വിളിച്ചു എന്നും പറഞ്ഞു. എന്നാൽ പോലീസിൽ PW2 പറഞ്ഞ മൊഴിയിൽ PW1 നെ പ്രതി "പുലയാടി മോനെ" എന്ന് വിളിച്ചതായി കാണുന്നില്ല. PW1 ന് BP കൂടി എന്നും പോലീസിൽ നൽകിയ മൊഴിയിൽ PW2 പറഞ്ഞിട്ടില്ല.

കൂടാതെ സംഭവത്തെ  തുടർന്ന് കുറച്ചു നേരം കാലിത്തീറ്റ വിതരണം നിലച്ചു എന്ന് PW2 പോലീസിൽ പറഞ്ഞിട്ടില്ല.

15. ഈ കേസിന് ആസ്പദമായ സംഭവം നടക്കുമ്പോൾ താൻ തോട്ടപ്പള്ളി ക്ഷീര സംഘത്തിന്റെ സെക്രട്ടറിയായി ജോലി ചെയ്യുകയായിരുന്നു എന്നും 2018 ഓഗസ്റ്റ് 11 ന് 12.30 മണിക്കാണ് സംഭവം നടന്നതെന്നും കാലിത്തീറ്റ വിതരണം രാവിലെ 10 മണിയോട് കൂടി തുടങ്ങുകയും പ്രതി വന്നു ലിസ്റ്റിൽ തന്റെ പേര് ഇല്ല എന്ന് പറഞ്ഞു പ്രതിയുടെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്താൻ വിട്ടു പോയതാണ് എന്ന് പറഞ്ഞപ്പോൾ പ്രതി ബഹളമുണ്ടാക്കിയെന്നാണ് മൊഴി നൽകിയത്. തുടർന്ന് നടന്ന PW3 ന്റെ എതിർവിസ്താരത്തിൽ PW1 നെ പ്രതി തല്ലുമെന്നോ കൊല്ലുമെന്നോ പറഞ്ഞിട്ടില്ല എന്നും മൊഴി നൽകി.

16. PW4 നെ വിസ്തരിച്ചപ്പോൾ കേസിന് ആസ്പദമായ സംഭവം കണ്ടിട്ടില്ല എന്നും സംഭവം കണ്ടതായി താൻ പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും 11.08.2018 തീയതി ഉച്ചയോടുകൂടി തോട്ടപ്പള്ളി ക്ഷീര ഉദ്പാദന കേന്ദ്രത്തിൽ വെച്ച് ഈ കേസിലെ പ്രതി ഒന്നാം സാക്ഷിയോട് തന്റെ പേര് എന്തുകൊണ്ട് ലിസ്റ്റിൽ ഇല്ല എന്ന് ചോദിച്ചു അസഭ്യം പറഞ്ഞ സംഭവം കണ്ടു എന്ന് പോലീസിൽ മൊഴി കൊടുത്തിട്ടില്ല എന്നും PW4 മുഖ്യ വിസ്താര വേളയിൽ മൊഴി നൽകി.

17. കേസിന് ആസ്പദമായ സംഭവത്തെ തുടർന്ന് അമ്പലപ്പുഴ പോലീസ് തയ്യാറാക്കിയ കൃത്യസ്ഥല മഹസ്സറിൽ സാക്ഷിയായി ചേർത്തിരിക്കുന്ന PW5 നെ കോടതി മുമ്പാകെ വിസ്തരിച്ചപ്പോൾ താൻ അമ്പലപ്പുഴ പോലീസ് തയ്യാറാക്കിയ കൃത്യസ്ഥല മഹസ്സറിൽ ഒപ്പ് ഇട്ടിട്ടില്ല എന്ന് പറഞ്ഞു.

18. 13.08.2018 തീയതിയിൽ താൻ അമ്പലപ്പുഴ SI ആയി ജോലി നോക്കി വരവേ ഈ കേസിലെ ഒന്നാം സാക്ഷി സ്റ്റേഷനിൽ ഹാജരായി നൽകിയ Ext.P1 പ്രഥമ വിവര മൊഴി രേഖപ്പെടുത്തിയത് താനാണ് എന്നും ആയത് പ്രകാരം അമ്പലപ്പുഴ പോലീസ് ക്രൈംനമ്പർ 1221/2018 ഇന്ത്യൻ ശിക്ഷാ നിയമം 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരം Ext.P2 എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തത് താനാണ് എന്നും, തുടർന്ന് ഈ കേസിന്റെ കൃത്യസ്ഥലത്ത് ഹാജരായി Ext.P3 കൃത്യസ്ഥല മഹസ്സർ തയ്യാറാക്കുകയും മഹസ്സർ പ്രകാരം കൃത്യസ്ഥലം പുറക്കാട് പഞ്ചായത്തിൽ 7–ാം വാർഡിൽ ശ്രീകുമാർ ഭവനത്തിൽ ശ്രീകുമാരിയുടെ ഉടമസ്ഥതയിലുള്ള ക്ഷീരസംഘം ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മുൻവശം പാൽ അളക്കുന്ന കോൺക്രീറ്റ് തട്ടിന്റെ മുൻവശമാണ് എന്നും, തുടർന്ന് അന്വേഷണത്തിന്റെ ഭാഗമായി സാക്ഷികളെ കണ്ടു

ചോദിച്ച് സാക്ഷി മൊഴി രേഖപ്പെടുത്തുകയും തുടർന്ന് പ്രതിയുടെ പൂർണ്ണമായ പേരും മേൽവിലാസവും രേഖപ്പെടുത്തി കോടതിയിൽ Ext.P4 അഡ്രസ്സ് റിപ്പോർട്ട് ഹാജരാക്കിയിട്ടുള്ളതാണ് എന്നും, തുടർന്ന് പ്രതിയെ നിയമാനുസരണം അറസ്റ്റ് ചെയ്ത് Ext.P5 ജാമ്യകച്ചീട്ടോട് കൂടി ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ് എന്നും, തുടർന്ന് അന്വേഷണം പൂർത്തിയാക്കി പ്രതിക്കെതിരെയുള്ള കുറ്റപത്രം കോടതിയിൽ ഫയൽ ചെയ്തു എന്നും, പ്രതിയെ കണ്ടാൽ തനിക്ക് തിരിച്ചറിയാമെന്നും പ്രതിക്കൂട്ടിൽ നിൽക്കുന്നയാൾ ആണ് പ്രതിയെന്നും PW6 മുഖ്യ വിസ്താര വേളയിൽ മൊഴി നൽകി. PW6ന്റെ എതിർവിസ്താര വേളയിൽ തന്നോട് സംഭവത്തെ പറ്റി പറഞ്ഞത് 13.08.2018 തീയതി 12.30ന് ആണെന്നും കോടതിയിൽ സമർപ്പിച്ച എഫ്.ഐ.ആർ-ൽ സമയം രേഖപ്പെടുത്തിയിട്ടില്ല എന്നും സാക്ഷി സ്റ്റേഷനിൽ വന്ന് സംഭവത്തെപ്പറ്റി മൊഴി തന്ന ശേഷമാണ് സംഭവത്തെപ്പറ്റി അറിയുന്നതെന്നും അതിനുമുമ്പ് ഒന്നാം സാക്ഷി സ്റ്റേഷനിൽ വരികയോ ഈ സംഭവത്തെ പറ്റി മൊഴി പറയുകയോ ചെയ്തിട്ടില്ല എന്നും 13.08.2018 തീയതിയിൽ സെക്രട്ടറിയുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുന്ന രീതിയിൽ എന്തെങ്കിലും സംഭവം ഉണ്ടായതായി തന്നെ നേരിട്ട് വിളിച്ചു പറയുകയോ സ്റ്റേഷനിൽ വന്ന് പരാതി പറയുകയോ ചെയ്തിട്ടില്ല എന്നും എതിർവിസ്താര വേളയിൽ PW6 മൊഴി നൽകി.

19. PW1 പ്രതി തന്നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായി കോടതി മുമ്പാകെ പോലീസിലോ പറഞ്ഞിട്ടില്ല. എന്നാൽ PW2 കോടതിയിൽ മൊഴി നൽകിയപ്പോൾ PW1നെ പ്രതി "പൂറിമോനേ" എന്ന് വിളിച്ചതായി പറഞ്ഞു. പോലീസിലും PW2 ഇപ്രകാരം പറഞ്ഞതായി കാണുന്നു. എന്നാൽ പുലയാടി മോനെ എന്ന് പ്രതി PW1നെ വിളിച്ചതായി പറഞ്ഞിട്ടില്ല. എതിർവിസ്താരത്തിൽ PW2 പറഞ്ഞത് PW1 നെ പ്രതി "പുലയാടി മോനെ എന്നും പൂറി മോനെ" എന്നും വിളിച്ചു എന്നാണ്. PW2 പോലീസിൽ പറഞ്ഞ മൊഴിയിൽ നിന്നും ഇമ്പ്രൂവ്മെന്റ് വരുത്തിയിട്ടുണ്ട് എന്ന് കാണാൻ സാധിക്കും. ഇതുകൂടാതെ മറ്റൊരു സംഭവ സാക്ഷിയായ PW3 പ്രതി PW1നെ ചീത്ത വിളിച്ചതായി കോടതി മുമ്പാകെ പറഞ്ഞിട്ടില്ല. കൂടാതെ എതിർവിസ്താരത്തിൽ PW3 പ്രതി PW1നെ കൊല്ലുമെന്നോ തല്ലുമെന്നോ പറഞ്ഞിട്ടില്ല എന്നാണ്. മറ്റൊരു സംഭവ സാക്ഷിയായ PW4 സംഭവം കണ്ടിട്ടില്ല എന്ന് കോടതിയിൽ പറഞ്ഞിട്ടുള്ളതാണ്. PW5 താൻ കൃത്യസ്ഥല മഹസറിൽ ഒപ്പ് ഇട്ടിട്ടില്ല എന്ന് കോടതിയിൽ പറഞ്ഞിട്ടുള്ളതാണ്. ഇവിടെ പരാതിക്കാരനായ PW1 പ്രതി തന്നെ പുലയാടി മോനെ എന്ന് വിളിച്ചെന്നാണ് പറഞ്ഞത്.

20. ഇന്ത്യൻ ശിക്ഷാ നിയമം 294(b) ആകർഷിക്കുന്നതിനായി, ഉച്ചാരണത്തിലെ വാക്കുകൾ ലൈംഗികമായി അശുദ്ധമായ ചിന്തകൾ ഉണർത്തണമെന്ന് പ്രഖ്യാപിത നിയമം ഉണ്ട്. ഇന്ത്യൻ ശിക്ഷാ നിയമം 294(b) വകുപ്പ് ഇപ്രകാരം പറയുന്നു. *"Whoever, to the annoyance of others- (b) sings, recites or utters any obscene song, ballad, or words, in or near any public place shall be punished with imprisonment of either description for a term which may extend to three months , or with fine, or with both" .* ഒരു പദമോ വാക്കോ അധിക്ഷേപകരവും അപമാനകരവും, അല്ലെങ്കിൽ അപകീർത്തിപരവും ആയാലും ഇന്ത്യൻ ശിക്ഷാ നിയമം 294(b) വിവക്ഷിക്കുന്ന 'അശ്ലീലമോ അസഭ്യമോ' ആയ പദം ആകണമെന്നില്ല. മേൽ പറഞ്ഞ ***Joy v. State of Kerala*** കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളത് *"But to make it obscene, punishable under Section 294(b) IPC, it must satisfy the definition of obscenity. Section 294 IPC does not define obscenity. Being a continuation of the subject dealt with under Section 292 IPC the definition of obscenity under 292(1) IPC can be applied in a prosecution under Section 294 IPC also. To make punishable, the alleged words must be in a sense lascivious or it must appeal to the prurient interest, or will deprave and corrupt persons.* ഇന്ത്യൻ ശിക്ഷാ നിയമം 292(1) വകുപ്പ് അനുസരിച്ച് ഒരു പദം അല്ലെങ്കിൽ വാക്ക് 'അശ്ലീലമോ അസഭ്യമോ' ആയ പദം ആകണമെങ്കിൽ പ്രസ്തുത പദം ഒരു വ്യക്തിയുടെ മനസ്സിൽ ഭോഗാസക്തമായതോ കാമാതുരമായ ആകർഷണം സൃഷ്ടിക്കാൻ കഴിവുള്ളതോ ആകണം. എന്നാൽ ഒന്നാം സാക്ഷിയുടെ പരാതി പ്രകാരം പരാതിയിൽ ആരോപിക്കപ്പെട്ട പദമായ “പുലയാടി മോനെ" എന്ന വാക്ക് മേൽ പറഞ്ഞ രീതിയിലുള്ള ഭോഗാസക്തമായതോ കാമാതുരമായ ആകർഷണം സൃഷ്ടിക്കാൻ കഴിവുള്ളതാണ് എന്ന് ഈ കോടതിക്ക് കാണാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ***Sangeetha Lakshman v. State of Kerala (2008(2) KLT)*** എന്ന കേസിൽ *"in order to satisfy the test of obscenity, the words alleged to have been uttered must be capable of arousing sexually impure thoughts in the minds of its hearers".* മേൽ സാഹചര്യത്തിൽ പ്രതി ഒന്നാം സാക്ഷിയെ വിളിച്ചതായി പറഞ്ഞ പദം ഇന്ത്യൻ ശിക്ഷാ നിയമം 294(b) എന്ന വകുപ്പിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യമായി കാണാൻ സാധിക്കില്ല എന്ന് ഈ കോടതി കണ്ടെത്തിയിരിക്കുന്നു. സെക്ഷൻ 294(b) ചുമത്തുന്നതിന്, പറയുന്ന വാക്കുകളോ വാക്കുകളോ ലൈംഗികമായി

അശുദ്ധമായ ചിന്തകളെ ഉണർത്തണം എന്നത് സ്ഥിരമായ നിയമമാണ്. ***Abdul Razak v. State of Kerala, 2019(5) KHC 950*** എന്ന കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇങ്ങനെ വിധിച്ചു:

21. ***"Latheef v. State of Kerala 2014(2) KHC 604, PT Chacko v. Nainan Chacko, 1967 KHC 231, and Sangeetha Lakshman v. State of Kerala 2008 (1) KHC 812"*** എന്നീ കേസുകളിലെ വിധിന്യായങ്ങളിലൂടെ ഇപ്പോൾ ഇത് നന്നായി പരിഹരിക്കപ്പെട്ടിരിക്കുന്നു. നിയമത്തിൽ നിർവ്വചിച്ചിരിക്കുന്നത്പോലെ അധിക്ഷേപകരമോ അപമാനകരമോ അപകീർത്തികരമോ ആയ വാക്കുകൾ അശ്ലീലമായി കണക്കാക്കില്ലെന്നും പ്രതികൾ ഉപയോഗിക്കുന്ന വാക്കുകൾ വാസ്തവത്തിൽ വളരെ അധിക്ഷേപകരവും അപമാനകരവും അപകീർത്തികരവുമാണെങ്കിൽപോലും, അത്തരം വാക്കുകൾ അശ്ലീലമാക്കുന്നതിന്, ഇന്ത്യൻ ശിക്ഷാ നിയമം സെക്ഷൻ 294(b) വകുപ്പ് പ്രകാരം ശിക്ഷാർഹമാകുന്നതിന് പ്രസ്തുത നിയമത്തിലെ 292-)0 വകുപ്പിൽ അടങ്ങിയിരിക്കുന്ന അശ്ലീലത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടണം. അശ്ലീലമാക്കുന്നതിന്, ആരോപിക്കപ്പെടുന്ന വാക്കുകളിൽ അശുദ്ധമായ ലൈംഗിക ചിന്തകളോ വികാരങ്ങളോ വാക്കുകളോ ഉണർത്തുന്ന ചില കാമവികാരങ്ങൾ ഉൾപ്പെട്ടിരിക്കണമെന്നും ലൈംഗിക ആകർഷണമോ കാമമോഹങ്ങളോ ഉപയോഗിച്ച് വ്യക്തികളെ ദുഷിപ്പിക്കുകയും ധാർമ്മികതയെ മലിനമാക്കുകയും ചെയ്യുന്ന ഫലമുണ്ടായിരിക്കണമെന്നും വിധിക്കപ്പെട്ടിട്ടുണ്ട്". ഈ കേസിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ അശുദ്ധമായ ലൈംഗിക ചിന്തകളെ ഉണർത്തുന്ന തരത്തിലുള്ളതാണെന്ന് സ്ഥാപിക്കാൻ തെളിവുകളൊന്നുമില്ല.

22. *Section 292(1) of IPC lays down that "For the purposes of sub-section (2), a book, pamphlet, paper, writing, drawing, painting, representation, figure or any other object, shall be deemed to be obscene if it is lascivious or appeals to the prurient interest or if its effect, or (where it comprises two or more distinct items) the effect of any one of its items, is, if taken as a whole, such as to tend to deprave and corrupt person, who are likely, having regard to all relevant circumstances, to read, see or hear the matter contained or embodied in it".* ഇന്ത്യൻ ശിക്ഷാ നിയമം 292(1) വകുപ്പ് പ്രകാരം "ഉപവകുപ്പ് (2)ന്റെ ഉദ്ദേശ്യങ്ങൾക്കായി, ഒരു പുസ്തകം, ലഘുലേഖ, പേപ്പർ, എഴുത്ത് , ഡ്രോയിംഗ് , പെയിന്റിംഗ് , പ്രതിനിധാനം, രൂപം

അല്ലെങ്കിൽ മറ്റേതെങ്കിലും വസ്തു, അത് കാമഭ്രാന്തമായതോ സ്വാർത്ഥ താൽപ്പര്യത്തെ ആകർഷിക്കുന്നതോ ആണെങ്കിൽ അല്ലെങ്കിൽ അതിന്റെ പ്രഭാവം, അല്ലെങ്കിൽ (രണ്ടോ അതിലധികമോ വ്യത്യസ്ത ഇനങ്ങൾ ഉൾപ്പെടുന്നിടത്ത് ) അതിന്റെ ഏതെങ്കിലും ഒരു ഇനത്തിന്റെ പ്രഭാവം, മൊത്തത്തിൽ എടുക്കുകയാണെങ്കിൽ, അതായത് എല്ലാ പ്രസക്തമായ സാഹചര്യങ്ങളും കണക്കിലെടുത്ത് , അതിൽ അടങ്ങിയിരിക്കുന്നതോ ഉൾക്കൊള്ളുന്നതോ ആയ കാര്യം വായിക്കാനോ കാണാനോ കേൾക്കാനോ സാധ്യതയുള്ള വ്യക്തിയെ ദുഷിപ്പിക്കാനുള്ള പ്രവണത കാണിക്കുന്നുണ്ടെങ്കിൽ, അത് അശ്ലീലമായി കണക്കാക്കും". "പുലയാടി മോനെ" എന്നത് മേൽപ്പറഞ്ഞ കോടതി വിധികളുടെ അടിസ്ഥാനത്തിലും ഇന്ത്യൻ ശിക്ഷാ നിയമം 292(1)ലെ അസഭ്യം (obscene) എന്നതിന്റെ നിർവ്വചനത്തിന്റെ അടിസ്ഥാനത്തിലും "പുലയാടി മോൻ" യാതൊരുവിധത്തിലും അസഭ്യവാക്കാണ് (obscene word) എന്ന് പറയാൻ സാധിക്കില്ല. അതിനാൽ, ഇന്ത്യൻ ശിക്ഷാ നിയമം സെക്ഷൻ 294(b) വകുപ്പ് പ്രകാരമുള്ള കുറ്റം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു. കൂടാതെ PW3 കോടതി മുമ്പാകെ പ്രതി PW1നെ കൊല്ലുമെന്നോ തല്ലുമെന്നോ പറഞ്ഞിട്ടില്ല എന്ന് മൊഴി നൽകിയിട്ടുള്ളതാണ്. സംഭവ സാക്ഷിയായ PW4 സംഭവം കണ്ടിട്ടില്ല എന്ന് കോടതിയിൽ പറഞ്ഞിട്ടുണ്ട്.

23. *Section 506 of IPC lays down that "Whoever commits, the offence of criminal intimidation shall be punished with imprison-ment of either description for a term which may extend to two years, or with fine, or with both;If threat be to cause death or grievous hurt, etc.— And if the threat be to cause death or grievous hurt, or to cause the destruction of any property by fire, or to cause an offence punishable with death or imprisonment for life, or with imprisonment for a term which may extend to seven years, or to impute, unchastity to a woman, shall be punished with imprisonment of either description for a term which may extend to seven years, or with fine, or with both".* "ആരെങ്കിലും ക്രിമിനൽ ഭീഷണിപ്പെടുത്തൽ എന്ന കുറ്റം ചെയ്താൽ, രണ്ട് വർഷം വരെ നീളാവുന്ന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടും; മരണമോ ഗുരുതരമായ പരിക്കോ ഉണ്ടാക്കുമെന്ന ഭീഷണിയാണെങ്കിൽ, അല്ലെങ്കിൽ തീവെച്ച് ഏതെങ്കിലും സ്വത്ത് നശിപ്പിക്കുമെന്ന ഭീഷണിയാണെങ്കിൽ, അല്ലെങ്കിൽ മരണമോ ജീവപര്യന്തം തടവോ ഏഴ് വർഷം

വരെ നീളാവുന്ന തടവോ ശിക്ഷിക്കപ്പെടാവുന്ന കുറ്റകൃത്യമോ ഉണ്ടാക്കുകയാണെങ്കിൽ, അല്ലെങ്കിൽ ഒരു സ്ത്രീയെ അവിഹിതബന്ധം ആരോപിക്കുകയാണെങ്കിൽ, ഏഴ് വർഷം വരെ നീളാവുന്ന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടും".

24. ***Deepa v. State of Kerala 2024 KHC 1439*** *held, mere expression of words without intention to cause alarm is insufficient – There must be a threat with intent to cause alarm or to compel a person to do or omit an act they are legally entitled to do" .* **Deepa v. State of Kerala 2024 KHC 1439** എന്ന കേസിൽ ഇപ്രകാരം പറയുന്നു, "ഭയപ്പെടുത്താനുള്ള ഉദ്ദേശ്യമില്ലാതെ വാക്കുകൾ പ്രകടിപ്പിക്കുന്നത് മാത്രം പോരാ – ഭയപ്പെടുത്താനുള്ള ഉദ്ദേശ്യത്തോടെയോ അല്ലെങ്കിൽ നിയമപരമായി ചെയ്യാൻ അർഹതയുള്ള ഒരു പ്രവൃത്തി ചെയ്യാൻ അല്ലെങ്കിൽ ഒഴിവാക്കാൻ ഒരു വ്യക്തിയെ നിർബന്ധിക്കുന്നതിനോ ഉള്ള ഒരു ഭീഷണി ഉണ്ടായിരിക്കണം". ഈ കേസിൽ പ്രതി തന്നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായി PW1 കോടതി മുമ്പാകെ മൊഴി നൽകിയിട്ടില്ല. കൂടാതെ PW1 തന്നെ പറഞ്ഞു, സംഭവ ദിവസത്തെ തന്റെ ഓദ്യോഗിക കൃത്യം കാലിത്തീറ്റ ക്ഷീരകർഷകർക്ക് നൽകുക എന്നതായിരുന്നു എന്നും താൻ അവിടെ എത്തിച്ചേർന്ന ലിസ്റ്റിലുള്ള എല്ലാ കർ ഷകർക്കും സൗജന്യമായി കാലിത്തീറ്റ വിതരണം ചെയ്തതിന് ശേഷമാണ് പോലീസിൽ പരാതി കൊടുക്കാൻ പോയത്. ആയതിനാൽ PW1 ന്റെ ഓദ്യോഗിക കൃത്യ നിർവ്വഹണം പ്രതി മൂലം തടസ്സപ്പെട്ടിട്ടില്ല എന്ന് വ്യക്തമായും കാണാൻ സാധിക്കും.

25. PW1 നെ വിസ്തരിച്ചതിൽ നിന്നും തന്നെ പ്രതി കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായി മൊഴി നൽകിയിട്ടില്ല. ആവലാതിക്കാരൻ (PW1) പ്രതി തന്നെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയതായി പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ഇന്ത്യൻ ശിക്ഷാ നിയമം 506(1) വകുപ്പ് പ്രകാരമുള്ള കുറ്റം പ്രതിക്കെതിരെ നിലനിൽക്കില്ല. ഒരു സാക്ഷിയുടെ വിശ്വാസയോഗ്യത അയാൾ നൽകിയ മുഴുവൻ തെളിവുകളുടെ സമഗ്രമായ മൂല്യനിർണയത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഈ കേസിൽ PW1 ന്റെയും PW2 ന്റെയും മൊഴിയിൽ ഗുരുതരമായ വൈരുദ്ധ്യങ്ങളും പൊരുത്തക്കേടുകളും ഉണ്ട്. ആയതിനാൽ അവർ വിശ്വസനീയമായ സാക്ഷികൾ ആണെന്ന് പറയാനാകില്ല. വിചാരണ ഭാഗം മുന്നോട്ടു വെക്കുന്ന കേസിൽ ഉടലെടുക്കുന്ന സംശയാസ്പദമായ സാഹചര്യങ്ങളിൽ വേണ്ടത്ര വിശദീകരണം

നൽകി കോടതിയെ ബോധ്യപ്പെടുത്തേണ്ട ചുമതല പ്രോസിക്യൂഷന് ആണ്. ഈ കേസിൽ അത്തരത്തിൽ കേസ് സംശയാധീതമായി തെളിയിക്കാൻ വിചാരണ ഭാഗത്തിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ പരിഗണന വിഷയം വിചാരണ ഭാഗത്തിന് എതിരായി കണ്ടെത്തിയിരിക്കുന്നു.

26. ഈ കേസിലെ മറ്റു സംഭവ സാക്ഷികളായി സാക്ഷി പട്ടികയിൽ കാണിച്ച ആളുകളാണ് PW3, PW4 എന്നിവർ. അതിൽ PW3 മുഖ്യവിസ്താരത്തിൽ ലിസ്റ്റിൽ പ്രതിയുടെ പേര് ചേർത്തിട്ടില്ല എന്ന് പറഞ്ഞു പ്രതി ബഹളം വെക്കുന്നത് കണ്ടു എന്നാണ് മൊഴി നൽകിയിട്ടുള്ളത്. തുടർന്ന് നടന്ന എതിർവിസ്താരത്തിൽ PW1 നെ പ്രതി തല്ലുമെന്നോ കൊല്ലുമെന്നോ പറഞ്ഞിട്ടില്ല എന്നും വ്യക്തമായി PW3 പറഞ്ഞിട്ടുള്ളതാണ്. PW4 സംഭവം കണ്ടിട്ടില്ല എന്ന് കോടതിയിൽ മൊഴി നൽകിയിട്ടുള്ളതാണ്. അതിനാൽ വിചാരണ ഭാഗം സാക്ഷികളുടെ മൊഴികളും രേഖകളും പ്രതിക്ക് എതിരെയുള്ള അപരാധം തെളിയിക്കുന്നതിന് അപര്യാപ്തമാണ്. പ്രതിയുടെ അപരാധം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടു എന്നും പ്രതി നിരപരാധിയാണെന്നും ഫലത്തിൽ കാണാവുന്നതാണ്. ആയതിനാൽ ഈ പരിഗണന വിഷയം വിചാരണ ഭാഗത്തിന് എതിരായി ഈ കോടതി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം II</u> :-**

27. മേൽ പറഞ്ഞ പരിഗണന വിഷയത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രതി ഇന്ത്യൻ ശിക്ഷാ നിയമം 294(b), 506(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിട്ടില്ല എന്ന് കണ്ടെത്തി പ്രതിയെ ക്രിമിനൽ നടപടി ചട്ടം 255(1) വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കിയിരിക്കുന്നു. പ്രതിയുടെ ജാമ്യകച്ചീട്ട് ഇതിനാൽ റദ്ദ് ചെയ്തിരിക്കുന്നു. പ്രതിയെ നിരുപാധികം സ്വതന്ത്രൻ ആയി വിട്ടയക്കുന്നു.

ഈ വിധിക്ക് എതിരായി ആക്ഷേപം ഉണ്ടെങ്കിൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ & സെഷൻസ് കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മെയ് മാസം 30 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*
**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**

# <u>അനുബന്ധം</u>

A. പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ

| | | |
|---|---|---|
| PW1/CW1 | പ്രിൻസ് മോൻ | ആവലാതിക്കാരൻ |
| PW2/CW2 | രാഖിമോൾ | സംഭവ സാക്ഷി |
| PW3/CW3 | രാധമ്മ | സംഭവ സാക്ഷി |
| PW4/CW4 | രമണി | സംഭവ സാക്ഷി |
| PW5/CW5 | മധു | കൃത്യസ്ഥല മഹസർ സാക്ഷി |
| PW6/CW6 | പ്രതീഷ് കുമാർ.എം | അന്വേഷണ ഉദ്യോഗസ്ഥൻ |

B.കുറ്റാരോപിതൻ ഭാഗം സാക്ഷികൾ – ഇല്ല

C.കോടതി ഭാഗം സാക്ഷികൾ – ഇല്ല

D.പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ

| | | |
|---|---|---|
| Ext.P1 (PW1) | 13.08.2018 | പ്രഥമ വിവര പ്രസ്താവന |
| Ext.P2 (PW6) | 13.08.2018 | എഫ്.ഐ.ആർ |
| Ext.P3 (PW6) | 13.08.2018 | കൃത്യസ്ഥല മഹസ്സർ |
| Ext.P4 (PW6) | 13.08.2018 | അഡ്രസ്സ് റിപ്പോർട്ട് |
| Ext.P5 (PW6) | 18.08.2019 | ജാമ്യക്കച്ചീട്ട് |

E. കുറ്റാരോപിതൻ ഭാഗം തെളിവുകൾ

| | | |
|---|---|---|
| Ext.D1 (PW2) | 02.06.2025 | PW2 ന്റെ മൊഴിയുടെ ഭാഗം |

F. കോടതി ഭാഗം തെളിവുകൾ – ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ – ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**